# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

## 2016 ഒക്ടോബർ 31, തിങ്കളാഴ്ച

## കാര്യവിവരപ്പട്ടിക

1. **ചോദ്യങ്ങൾ :**

(1) പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

(2) 273-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ടചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ 2016 ഒക്ടോബർ 28 ന് നൽകിയ മറുപടിയെ ആധാരമാക്കിയുള്ള ഉപചോദ്യങ്ങൾ (രാവിലെ 9.30 മുതൽ 9.35 വരെ )

2. **ശ്രദ്ധക്ഷണിക്കൽ :**

(1) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയിലേക്ക് ശ്രീ.എ.പ്രദീപ്കുമാർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ സർക്കാർ സ്കൂളുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ലോവർ പ്രൈമറി സ്കൂളുകളിൽ സ്ഥാപിച്ച പ്രീ പ്രൈമറി സ്കൂളുകളിലെ ജീവനക്കാർ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങളിലേക്ക് ശ്രീ. ഷാഫി പറമ്പിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

3. **മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ :**

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം.

4. **റിപ്പോർട്ടുകളുടെ സമർപ്പണം :**

(1) സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XI ന്റെ അദ്ധ്യക്ഷനുമായ ശ്രീ എ. സി. മൊയ്തീൻ കമ്മിറ്റിയുടെ 2015 – 16 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII ന്റെ അദ്ധ്യക്ഷനുമായ ശ്രീ.എ.കെ.ബാലൻ കമ്മിറ്റിയുടെ 2015–16 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

**5. ധനകാര്യം:**

2016 – 17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

**6. ചട്ടം 58 അനുസരിച്ചുള്ള ചർച്ച :**
(ഉച്ചയ്ക്കുശേഷം 1.30 മുതൽ 2.30 വരെ)

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളെ സംബന്ധിച്ച് ചർച്ച ഉന്നയിക്കുന്നതിന് ശ്രീ.കെ.എസ്.ശബരീനാഥൻ നൽകിയ നോട്ടീസ്

(നോട്ടീസിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 ഒക്ടോബർ 30.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.